LIBRARY ARCHIVES Kerala Legislative Assembly

10.00 A.M]

II തിരുത്തിയ ഉത്തരം

11-8-2021-ലെ നക്ഷത്രചിഹ്നമിടാത്ത 4747-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 11-8-2021-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4747-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 11-8-2021-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4747-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

26-7-2021-ലെ നക്ഷത്രചിഹ്നമിടാത്ത 760-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 26-7-2021-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 760-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 26-7-2021-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 760-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

4-8-2021-ലെ നക്ഷത്രചിഹ്നമിടാത്ത 3217-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 4-8-2021-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3217-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - II

1. (15-ാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 11-8-2021-ലെ നക്ഷത്രചിഹ്നമിടാത്ത 4747-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം മുഖ്യമന്ത്രിക്കുവേണ്ടി ബഹു. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചത്)

എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ പുനർനാമകരണം

ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ പേര് കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്ന് പുനർനാമകരണം ചെയ്യുന്നത് സർക്കാർ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

പരിഗണനയിലില്ല.

2. (15-ാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 26-7-2021-ലെ നക്ഷത്രചിഹ്നമിടാത്ത 760-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചത്.)

വള്ളിക്കുന്നം ചിറ ടൂറിസം പദ്ധതി

ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ വള്ളിക്കുന്നം ചിറ ടൂറിസം പദ്ധതിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ താമരക്കുളം വയ്യാങ്കര ചിറ ടൂറിസം പദ്ധതി വിപുലപ്പെടുത്തുന്നതിനും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ വികസന പദ്ധതിയിലുൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) പദ്ധതിക്കാവശ്യമായ തുക അനുവദിക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ 2021-22-ലേയ്ക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II-ൽ ഭരണാനുമതി ഇല്ലാത്ത മരാമത്തുപണികളിൽ, ക്രമനമ്പർ 2939-ൽ പ്രസ്തുത പദ്ധതി ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതി അടങ്കൽ 2 കോടി രൂപയാണ്. ആയതിന്റെ 20% തുകയായ 40 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ബി&സി) നടപടി സ്വീകരിക്കാവുന്നതാണ്.